## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 526 08.08.2017-ലെ മറുപടിക്ക്**

## യുവ, വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.എം. നൗഷാദ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ യുവ, വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | എ | വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡവലപ്‌മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ് കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. യുവസംരംഭകർക്കായി സംസ്ഥാനത്തെ വിവിധ റിസർച്ച് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വ്യവസായിക മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, നൂതനമായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായിട്ടും "Industry varsity linkage scheme" എന്ന പദ്ധതി വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നു. പ്രസ്തുത സ്കീം വഴി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും അത് വഴി നൂതനമായ ആശയങ്ങൾ സൃഷ്ടിക്കുകയും വ്യവസായിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തി പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നതാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുളളത്. |

| | | | |
|---|---|---|---|
| ബി | ഇത്തരം സംരംഭകരുടെ നൂതന ആശയങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി | ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| സി | യുവ സംരംഭകർക്കായി സംരംഭകത്വ അവബോധ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി | ഉണ്ട്. എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന ഇൻവെസ്റ്റേഴ്സ്മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജിക്ലിനിക്ക്, സ്കിൽഡവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ എന്നിവയിൽ യുവസംരംഭകർക്കും പങ്കെടുക്കാവുന്നതാണ്. |
| ഡി | യുവ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി സീഡ് ക്യാപ്പിറ്റൽ അസിസ്റ്റൻസ് സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി | ഉണ്ട്. പദ്ധതി പ്രകാരം ലഭിയ്ക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. ഇതുവരെ 50 സംരംഭകർക്കായി 10.68 കോടി രൂപ പ്രാരംഭ മൂലധന സഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ